**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4693** **13-03-2023 - ൽ മറുപടിയ്ക്ക്**

**അതിർത്തി സംബന്ധിച്ച അവ്യക്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നായാടംപൊഴിൽ കുരിശുമലയ്ക്ക് സമീപം വനം റേഞ്ചുകൾ തമ്മിൽ അതിർത്തി സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി വില്ലേജിൽ ഉൾപ്പെട്ടതും കോഴിക്കോട് ഡിവിഷനു കീഴിലെ താമരശ്ശേരി റെയിഞ്ചിലെ പീടികപ്പാറ സെക്ഷൻ പരിധിയിലെ വനവും, മലപ്പുറം ജില്ലയിലെ അകമ്പാടം വില്ലേജിൽ ഉൾപ്പെട്ടതും നിലമ്പൂർ നോർത്ത് ഡിവിഷനിലെ എടവണ്ണ റെയിഞ്ചിലെ അകമ്പാടം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ വനവുമാണ് നായാടാംപൊയിൽ കുരിശുമല ഭാഗത്ത് അതിർത്തി പങ്കിടുന്നത്. ഈ വനാതിർത്തികൾ ഇരുജില്ലകളുടെയും അതിർത്തിയുമാണ്. ഈ ഭാഗത്തെ വനഭൂമിയുടെ സ്കെച്ചുകൾ ഉപയോഗിച്ച് പരിശോധന നടത്തിയതിൽ ഈ ഭാഗങ്ങളിലെ റെയിഞ്ചുകളുടെ വനാതിർത്തികൾ തമ്മിൽ അവ്യക്തത ഇല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ